**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5849** **08-11-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡ് ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തിയ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡിലെ ജീവനക്കാർക്ക് യൂണിഫോം ഏർപ്പെടുത്തിയ നടപടി ഉത്തരവ് പുറപ്പെടുവിച്ച് ഇരുപത്തിനാല് മണിക്കൂറിനകം പിൻവലിക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ) | വൈദ്യുതി ബോർഡ് ഫീൽഡ് ജീവനക്കാർക്ക് നിലവിലുള്ള യൂണിഫോം മാറ്റത്തിനായി ദീർഘകാല കരാറുകളിൽ തീരുമാനിച്ചിരുന്ന രീതിയ്ക്ക് മാറ്റം വരുത്തുന്ന യാതൊരു നടപടിയും കെ.എസ്.ഇ.ബി ലിമിറ്റഡിൽ പ്രത്യേക ഉത്തരവുകളായി ഇറങ്ങിയിട്ടില്ല. എന്നാൽ സേഫ്റ്റി അപ്പാരൽ/ജാക്കറ്റ് നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് പിൻവലിച്ചത് പ്രമുഖ സർവീസ് സംഘടനകളുടെ സമ്മർദ്ദം മൂലമാണോ എന്ന് അറിയിക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ബോർഡിലെ അഴിമതി ആരോപണം നേരിടുന്നവരെ അകറ്റി നിർത്തി ബോർഡിന് പുതിയ മുഖം നൽകാൻ കൈക്കൊള്ളുന്ന നടപടികൾ അട്ടിമറിക്കാൻ ശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ